# ശുചിത്വമിഷൻ
## തദ്ദേശ സ്വയംഭരണ വകുപ്പ്
## കേരള സർക്കാർ

നം.സി.എം.ഡി/എസ്. എം./06/2020 ജൂൺ 24, 2020

**വിജ്ഞാപനം**

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് (സി.എം.ഡി.) മുഖാന്തരം, ശുചിത്വമിഷനി (തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ) ലേയ്ക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ (www.cmdkerala.net) വെബ്സൈറ്റിൽ ജൂലൈ 2 -ന് ഉച്ചയ്ക്ക് 12 മണിക്കു മുൻപായി പേര് രജിസ്റ്റർ ചെയ്യേ താണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന യോഗ്യരായ ഉദ്യോഗാർത്ഥികൾ മാത്രം പിന്നീട് നൽകുന്ന അറിയിപ്പ് പ്രകാരം സ്കിൽ ടെസ്റ്റിനും ഇന്റർവ്യൂനും പങ്കെടുക്കേ താണ്.

**ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്ന തീയതി : 26-06-2020 (രാവിലെ 10 മണി മുതൽ)**
**ഓൺലൈനായി അപേക്ഷ സമർപ്പിക്കേ അവസാന തീയതി : 02-07-2020 (ഉച്ചയ്ക്ക് 12 മണി വരെ)**

**തസ്തികയുടെ വിശദാംശങ്ങൾ:**

| ക്രമ നമ്പർ | തസ്തിക | യോഗ്യത | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 1. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1. അംഗീകൃത സർവ്വകലാശാലയിൽനിന്നുള്ള ബിരുദം.<br>2. PGDCA/DCA - PSC അംഗീകൃത സ്ഥാപനത്തിൽ നിന്നും (റഗുലർ കോഴ്സ്)<br>3. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ), മലയാളം (ലോവർ) യോഗ്യത നേടിയിരിക്കണം. | 3 |

**<u>ഫോട്ടോഗ്രാഫും അപേക്ഷകരുടെ ഒപ്പും സ്കാൻ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ:</u>**

1. അപേക്ഷകരുടെ ഏറ്റവും പുതിയ ഫോട്ടോ (പാസ്പോർട്ട് സൈസ്, 6 മാസത്തിനുള്ളിൽ എടുത്തതായിരിക്കണം) സ്കാൻ ചെയ്ത് ഓൺലൈൻ ആപ്ലിക്കേഷനിൽ നൽകിയിട്ടുള്ള സ്ഥലത്ത് അപ്ലോഡ് ചെയ്യുക. (സ്കാൻ ചെയ്ത ചിത്രം .jpg ഫോർമാറ്റിൽ ആയിരിക്കണം. ഫോട്ടോയുടെ വലുപ്പം 200 kb യിൽ കൂടാൻ പാടില്ല)
2. അപേക്ഷകർ അവരുടെ സ്വന്തം ഒപ്പ് സ്കാൻ ചെയ്ത് ഓൺലൈൻ ആപ്ലിക്കേഷനിൽ നൽകിയിട്ടുള്ള സ്ഥലത്ത് അപ്ലോഡ് ചെയ്യുക. (സ്കാൻ ചെയ്ത ചിത്രം .jpg ഫോർമാറ്റിൽ ആയിരിക്കണം. വലുപ്പം 50 kb യിൽ കൂടാൻ പാടില്ല)
3. അപേക്ഷകന്റെ മുഴുവൻ ഒപ്പും സ്കാൻ ചെയ്യണം. ഒപ്പ് യഥാർത്ഥവും, പൂർണ്ണവുമായിരിക്കണം. ഇനീഷ്യലുകൾ പര്യാപ്തമല്ല. ക്യാപിറ്റൽ ലെറ്ററുകളിൽ ഒപ്പ് അനുവദനീയമല്ല.
4. യോഗ്യത വിവരങ്ങൾ അപ്ലോഡ് ചെയ്യുമ്പോൾ 3 MB യിൽ കൂടാൻ പാടില്ല.

**<u>പൊതു നിർദ്ദേശങ്ങൾ:</u>**

1. അപേക്ഷിക്കുന്നതിനു മുമ്പ് വിജ്ഞാപനം പൂർണ്ണമായി വായിച്ച് മനസ്സിലാക്കി യോഗ്യരാണെന്ന് ഉറപ്പുവരുത്തുക.
2. ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കുന്നതിലെ പൊരുത്തക്കേടുകൾക്ക് സി.എം.ഡി. ഉത്തരവാദിയല്ല.
3. അപേക്ഷകർ നിർബന്ധമായും എല്ലാ വിവരങ്ങളും പൂരിപ്പിച്ച് അപേക്ഷ ഓൺലൈനായി സമർപ്പിക്കേ താണ്.
4. **അപൂർണ്ണമായ/തെറ്റായ അപേക്ഷഫോം നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന സമയത്ത് മുഴുവൻ വിവരങ്ങളും (യോഗ്യത, പ്രവർത്തി പരിചയം) ചേർക്കണം.** സൂക്ഷ്മ പരിശോധനയിൽ എന്തെങ്കിലും വീഴ്ച കെ ത്തിയാൽ, റിക്രൂട്ട്മെന്റ് പ്രക്രിയയുടെ അവസാന ഘട്ടത്തിലോ പിന്നീടുള്ള ഘട്ടത്തിലോ അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
5. അപേക്ഷാഫോം പൂരിപ്പിക്കുമ്പോൾ അപേക്ഷകർ തെറ്റായ, കെട്ടിച്ചമച്ച വിവരങ്ങൾ നൽകരുത്. വിവരങ്ങൾ മറച്ചുവയ്ക്കുവാനും പാടില്ല. ഓൺലൈൻ അപേക്ഷാഫോമിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ അപേക്ഷകർ ഹാജരാക്കിയ ഒറിജിനൽ രേഖകളുമായി പൊരുത്തക്കേടുെ ങ്കിൽ, അപേക്ഷ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.
6. പരസ്യപ്പെടുത്തിയ തസ്തികകളിലെ ഒഴിവുകൾ നികത്താനോ നികത്താതിരിക്കാനോ ഉള്ള അവകാശം ശുചിത്വമിഷൻ/സി.എം.ഡി. യിൽ നിക്ഷിപ്തമാണ്.
7. അപേക്ഷകർക്ക് സാധുവായ ഒരു വ്യക്തിഗത ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പരും ഉ ായിരിക്കണം, അത് ഈ റിക്രൂട്ട്മെന്റ് പ്രക്രിയ പൂർത്തിയാകുന്നതുവരെ സജീവമായി സൂക്ഷിക്കുകയും വേണം. രജിസ്റ്റർ ചെയ്ത ഇ-മെയിൽ ഐഡി വഴി എഴുത്തു പരീക്ഷ/ഗ്രൂപ്പ് ചർച്ച/അഭിമുഖത്തിനുള്ള കോൾ ലെറ്ററുകൾ ഡൗൺലോഡ് ചെയ്യാൻ സി.എം.ഡി. അറിയിപ്പ് അയച്ചേക്കാം. അപേക്ഷകന് വ്യക്തിഗത ഇ-മെയിൽ ഐഡി ഇല്ലെങ്കിൽ പുതുതായി ഇ-മെയിൽ ഐഡി സൃഷ്ടിക്കണം. ഓൺലൈനായി അപേക്ഷിക്കുന്നതിന് മുമ്പ് ഇ-മെയിൽ ഐഡിയും മൊബൈൽ നമ്പറും ഉെ ന്ന് ഉറപ്പുവരുത്തുക.

ഒപ്പ്

അധികാരപ്പെട്ട മേലധികാരി